

# നിങ്ങൾക്കും ഷോർട്ട് ഫിലിം നിർമ്മിക്കാം

4

ബാദുഷ

**ഷോർട്ട് ഫിലിം നിർമ്മാണത്തിന്റെ ആദ്യഘട്ടങ്ങളെ പറ്റി പറഞ്ഞു. തുടർന്ന് വായിക്കൂ...**

ഒരു എഡിറ്ററാണ് ചിത്രത്തിന്റെ പഞ്ച് ഉണ്ടാക്കുന്നത്. എഡിറ്ററുടെ കഴിവു മൂലം അത്രയൊന്നും പ്രാധാന്യമില്ലാത്ത ഒരു സിനിമയെ കാണികളെ പിടിച്ചിരുത്തുന്ന തലത്തിൽ എത്തിക്കാൻ പോലും കഴിയും.

ഓരോ എഡിറ്റർമാർക്കും ഓരോ താളമുണ്ടാവും. പണ്ടൊക്കെ സിനിമ ചിത്രീകരണം തീർന്നാൽ മാത്രമേ എഡിറ്റിങ്ങ് ആരംഭിക്കുകയുള്ളൂ. ക്രമേണ അത് ഓരോ റീൽ തീരുമ്പോൾ തന്നെ ആ ഭാഗത്തിന്റെ എഡിറ്റിങ്ങ് തുടങ്ങുന്ന രീതിയായി. പിന്നെ ഡിജിറ്റലിന്റെ വരവോടെ എഡിറ്റിങ്ങ് രീതി തന്നെ മാറി മറിഞ്ഞു. സ്പോട്ട് എഡിറ്റിങ്ങ് എന്ന രീതി നിലവിൽ വന്നു.



ഒരു ഷോട്ട് ചിത്രീകരിച്ച അതേ സമയത്തു തന്നെ എഡിറ്റിങ്ങും നിർവ്വഹിക്കുക. അതിനായി ലൊക്കേഷനിൽ ഒരു എഡിറ്റിങ്ങ് അസിസ്റ്റന്റിനെ നിയ

» 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് തുടക്കം കുറിച്ച സ്ഥലം- മീററ്റ്



*സൗണ്ട് റെക്കോഡിങ് സ്റ്റുഡിയോ*

മിച്ചു തുടങ്ങി. ഒരു ഷോട്ട് കഴിഞ്ഞ ഉടനെ എഡിറ്ററുടെ അടുത്തേക്ക് ഓടുന്ന സംവിധായകനെയും കാമറാമാനെയും നടനെയും ഇപ്പോൾ എല്ലാ സെറ്റിലും കാണാം.

മികച്ച എഡിറ്റിങ്ങ് കൈവരണമെങ്കിൽ ചിത്രീകരിക്കപ്പെട്ട ധാരാളം ഷോട്ടുകൾ അത്യാവശ്യമാണ്. പക്ഷേ യാതൊരു ധാരണയുമില്ലാതെ എടുത്ത ഷോട്ടുകൾ ആവരുത്. എഡിറ്റർക്ക് പുതിയ ദൃശ്യതലങ്ങൾ ഉണ്ടാക്കാനൊന്നും പറ്റില്ല. എന്നാൽ, സിനിമയെ പുതിയൊരു സ്വഭാവതലത്തിലെത്തിക്കാൻ തീർച്ചയായും പറ്റും.

ആക്ഷൻ കണ്ടിന്യൂവിറ്റി പ്രധാന ഘടകമാണ്. സംവിധായകൻ ചിത്രീകരണ സമയത്തു തന്നെ ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ഇതിൽ വീഴ്ച പറ്റിയാൽ എഡിറ്റിങ്ങിനെ കാര്യമായി ബാധിക്കും. ചിലപ്പോൾ ആ സീൻ തന്നെ ഒഴിവാക്കേണ്ടി വന്നേക്കാം. അതില്ലാതാക്കാൻ ചിത്രീകരണ സമയത്ത് 'ആക്ഷൻ ക്യൂ' കൊടുക്കുന്നത് നല്ലതായിരിക്കും.

ഒരു ഷോട്ട് ആരംഭിക്കുമ്പോൾ അതിന്റെ തുടക്കവും ഒടുക്കവും ചലനാത്മകത ഇല്ലാതിരിക്കുന്നതാണ് നല്ലത്. കാരണം എഡിറ്റിങ്ങ് വേളയിൽ അത് കൂട്ടിയോജിപ്പിക്കുമ്പോൾ ഫ്രെയിം ചാട്ടം ഉണ്ടാവാൻ സാദ്ധ്യത ഉണ്ട്. അത്തരം കാര്യങ്ങളെ അതിജീവിക്കാൻ ഇൻസർട്ട് ഷോട്ടുകൾ എഡിറ്റർ നയപരമായി ഉൾച്ചേർക്കാറുണ്ട്.

എന്നാൽ, ഇതിൽ നിന്നെല്ലാം മാറി ഈ നിയമങ്ങളൊക്കെ കാറ്റിൽ പറത്തി എഡിറ്റർ പുതിയ രീതി അവലംബിക്കാറുണ്ട്. അത് ഒരു താളബോധത്തോടെയും സർഗാത്മകതയോടെയും ചെയ്യുമ്പോൾ അതിന് വ്യത്യസ്തമായൊരു മാനം കൈവരുന്നു.

അത്തരം സൗന്ദര്യവൽക്കരണത്തിനായി എഡിറ്റർമാർ കൈക്കൊള്ളുന്ന ചില ട്രിക്കുകളുണ്ട്. സ്ട്രെയിറ്റ് കട്ട്, പാരലൽ കട്ടിംഗ്, ജംപ് കട്ട്, കട്ട് എവേയ്സ്, ഷോട്ട് റിപ്പീറ്റേഷനൻ, ഓവർ ലാപ് എന്നിവയാണ് ഇത്തരത്തിൽ പ്രയോഗിക്കുന്ന നമ്പറുകൾ.

എഡിറ്റിങ്ങിൽ ഇന്ന് നൂതന സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. മുമ്പ് പ്രീമിയർ പ്രോ ആണ് ഉപയോ

ഗിച്ചുകൊണ്ടിരുന്നത്.

പിന്നീട് അത് എഫ്.സി.പിയിലേക്കും അവിഡിലേക്കും വഴിമാറി. എഫ്.സി.പി ഇപ്പോൾ പുതിയ മാറ്റങ്ങളോടെ എത്തിയിരിക്കുകയാണ്. ഉയർന്ന ക്വാളിറ്റിയുള്ള വിഷ്വലുകൾ ഇതിൽ ഒന്നിച്ച് പ്രവർത്തിപ്പിക്കാനാവും, ക്വാളിറ്റിയിൽ ഒരു മാറ്റവും വരുത്താതെ തന്നെ. ഐമാക്കും മാക്പ്രോയും ലാപ്പ്ടോപ്പുകളും ഇപ്പോൾ സൗകര്യത്തോടെ എഡിറ്റിങ് ജോലികൾ നടത്തുന്നുണ്ട്.

റിയൽ ടൈം മൾട്ടികാം എന്ന പ്രോഗ്രാമിലൂടെ ഒരേസമയം പതിനാറ് വ്യത്യസ്ത വിഷ്വലുകൾ മോണിറ്ററിൽ ഓപ്പൺ ചെയ്ത് എഡിറ്റ് ചെയ്യാൻ പറ്റും. കളർ കറക്ഷൻ, ബാലൻസിംഗ്, ഓൺ സ്ക്രീൻ മൾട്ടി ട്രാക്ക് മിക്സിംഗ്, ഇരുപത്തി നാല് ചാനൽ ഹൈ റെസല്യൂഷൻ ഓഡിയോ കാപ്ചറിംഗ് എന്നീ സൗകര്യങ്ങളുമുണ്ട്.

ഓകെ ടേക്കുകൾ മാത്രം സെലക്ട് ചെയ്ത ശേഷം വിഷ്വലുകൾ സിസ്റ്റത്തിലേക്ക് കാപ്ചർ ചെയ്യുന്നു. ഇതാണ് എഡിറ്റർ പൈലറ്റ് ട്രാക്കാക്കി മാറ്റുന്നത്. ഇതിൽ നിന്നും പടിപടിയായി മുന്നോട്ടു പോയാണ് സർഗാത്മകസൃഷ്ടി എഡിറ്ററിലൂടെ പുറത്തു വരുന്നത്.

## ഡബ്ബിങ്ങ്

എഡിറ്റിങ് കഴിഞ്ഞ ശേഷം ഇത് നേരെ ഡബ്ബിങ്ങ് തിയ്യേറ്ററിലേക്കാണ് കൊണ്ടുപോവേണ്ടത്. എഡിററിങ്ങ് സിസ്റ്റത്തിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന വിഷ്വലുകൾ അവിടത്തെ സംവിധാനങ്ങളുടെ സാഹചര്യമനുസരിച്ച് മോണിറ്ററിലോ സ്ക്രീനിലോ പ്രദർശിപ്പിച്ച് ആർട്ടിസ്റ്റിനെക്കൊണ്ട് ഡബ്ബ് ചെയ്യിപ്പിക്കാവുന്നതാണ്.

ആർട്ടിസ്റ്റുകളുടെ സൗകര്യമനുസരിച്ച് ടൈം ക്രമീകരിച്ച് ചിത്രീകരിക്കപ്പെട്ട നിശ്ശബ്ദ ചിത്രത്തിലെ അവരുടെ ഭാഗം ഒന്നു രണ്ട് തവണ പ്രദർശിപ്പിക്കുന്നു. അപ്പോൾ ചിത്രീകരണ സമയത്തെ സംഭാഷണ ശകലങ്ങളുടെ പൈലറ്റ് ട്രാക്ക് ഹെഡ് ഫോണിലൂടെ അവർക്ക് കേൾക്കാൻ കഴിയും.

അതിൽ വരുത്തേണ്ട മോഡുലേഷൻ സംവിധായകനും ശബ്ദലേഖകനും ആർട്ടിസ്റ്റിനോട് നിർദേശിക്കാവുന്നതാണ്. റിഹേഴ്സൽ സമയത്തുള്ള വോയ്സ് ട്രാക്ക്, റെക്കോഡിങ് സമയത്ത് ഓഫ് ചെയ്തു വെക്കും.

(തുടരും)



» ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു എന്ന ഗ്രന്ഥം ആരുടേതാണ്? – അബൂൽ കലാം ആസാദ്